प्रेस प्रकाशनी PRESS RELEASE

भारतीय रिज़र्व बैंक
RESERVE BANK OF INDIA

संचार विभाग, केंद्रीय कार्यालय, एस.बी.एस.मार्ग, मुंबई-400001
DEPARTMENT OF COMMUNICATION, Central Office, S.B.S.Marg, Mumbai-400001
फोन/Phone: 022 2261 0835 फैक्स/Fax: 91 22 22660358

वेबसाइट : www.rbi.org.in/hindi
Website : www.rbi.org.in
इ-मेल email: helpdoc@rbi.org.in

ആഗസ്റ്റ് 05, 2019

**മഹാരാഷ്ട്ര, നാസിക്ക് ജില്ലയിലെ ഓഝർ എന്ന സ്ഥലത്തെ, ഓഝർ മെർച്ചന്റ്സ് സഹകരണ ബാങ്ക് ലിമിറ്റഡിനു മേൽ പിഴ ചുമത്തി**

1949-ലെ ബാങ്കിംഗ് റഗുലേഷൻ ആക്ട് (സഹകരണ സംഘങ്ങൾക്കുബാധകമാം വിധം) സെക്ഷൻ 47 A (1) (c) ഒപ്പം 46 (4) എന്നിവ പ്രകാരം റിസർവ് ബാങ്ക് ഓഫ് ഇൻഡ്യയിൽ നിക്ഷിപ്തമായ അധികാരം പ്രയോഗിച്ച്, മഹാരാഷ്ട്ര, നാസിക്ക് ജില്ലയിലെ ഓഝർ എന്ന സ്ഥലത്തെ, ഓഝർ മെർച്ചന്റ്സ് സഹകരണ ബാങ്കിനു മേൽ 4 ലക്ഷം രൂപ (രൂപ നാലു ലക്ഷം മാത്രം) യുടെ പണപ്പിഴ ചുമത്തി. ഡയറക്ടർ സംബന്ധമായ വായ്പകളുടേയും, അർബൻ സഹകരണ ബാങ്കിന്റെ ലാഭവിഹിതം പ്രഖ്യാപിക്കുന്നതിന്റെയും കാര്യങ്ങളിലുള്ള റിസർവ് ബാങ്കിന്റെ ഉത്തരവുകളും, നിർദ്ദേശങ്ങളും, മാർഗ്ഗനിർദ്ദേശങ്ങളും ലംഘിച്ചതിനാണ് ഈ പണപ്പിഴ ചുമത്തിയിട്ടുള്ളത്.

റിസർവ് ബാങ്ക്, സഹകരണ ബാങ്കിനു ഒരു കാരണംകാണിക്കൽ നോട്ടീസ് (എസ് സി എൻ) നൽകിയതിന് ബാങ്ക് എഴുതിത്തയാറാക്കിയ ഒരു മറുപടി സമർപ്പിച്ചു. കേസിന്റെ വസ്തുതകളും, ബാങ്കിന്റെ മറുപടിയും പരിഗണിച്ചതിൽ, ലംഘനങ്ങൾ സാരവത്താണെന്നും, പണപ്പിഴ ചുമത്തേണ്ടത് ആവശ്യമാണെന്നുമുള്ള നിഗമനത്തിൽ ആർബിഐ എത്തുകയായിരുന്നു.

യോഗേഷ് ദയാൽ
ചീഫ് ജനറൽ മാനേജർ

**പ്രസ്സ് റിലീസ് 2019-2020/345.**